2015 വിദ്യാലയവർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി

105 (1134) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 വിദ്യാലയ വർഷം വിദ്യാലയങ്ങളിലെത്തുന്ന വിദ്യാർത്ഥികൾക്ക് വേണ്ടുന്ന പുസ്തകങ്ങൾ മധ്യവേനലവധിക്കാലത്തു തന്നെ സ്കൂളുകളിൽ എത്തിക്കും എന്ന ഉറപ്പ് നടപ്പാക്കിയോ എന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനായി വകുപ്പ് നടത്തി എന്നും വ്യക്തമാക്കാമോ ;

(ബി) പാഠപുസ്തക അച്ചടിയും വിതരണവും നടത്തുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അവർ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും എത്ര പുസ്തകങ്ങൾ നാളിതുവരെ അച്ചടിച്ചുകഴിഞ്ഞു എന്നും എത്ര പുസ്തകങ്ങൾ അച്ചടിക്കാനുണ്ട് എന്നും ക്ലാസ്സുകൾ തിരിച്ചും വിഷയങ്ങൾ തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുകൾക്ക് വേണ്ടുന്ന കടലാസ്സും മഷിയും മറ്റ് സൗകര്യങ്ങളും നാളിതുവരെ ഏതെല്ലാം പ്രസ്തുകൾക്ക് വിതരണം ചെയ്തു. അവ എത്ര ശതമാനം വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ശതമാനം വിതരണം ചെയ്യുവാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പുസ്തക അച്ചടി നിയന്ത്രിക്കാനും യഥാസമയം എത്തിക്കുവാനും നിയോഗിക്കപ്പെട്ട വകുപ്പിൻ കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തിയവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഇ) പുസ്തക അച്ചടിക്കായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; പ്രസ്തുത തുക യഥാസമയം അനുവദിച്ചുനൽകുന്നതിൽ ധനവകുപ്പ് ഉന്നയിച്ച തടസ്സവാദങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുട്ടികൾക്ക് 2015 വർഷം എപ്പോൾ പുസ്തകങ്ങൾ വിതരണം ചെയ്തു തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന് മുതൽ പത്ത് വരെയുള്ള പാഠപുസ്തകങ്ങൾ മധ്യവേനലവധിക്കാലത്ത് തന്നെ സ്കൂളുകളിൽ എത്തിക്കത്തവിധം 2014 നവംബർ മാസം തന്നെ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മാറ്റമുള്ള 2,4,6,8

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠ സംഗ്രഹവും ജനുവരി മാസം എൻ.സി.ഇ.ആർ.ടി.യിൽനിന്ന് ലഭിച്ച ഉടൻ തന്നെ ജനുവരി 2015-ൽ ഐ.ടി. സ്കൂൾ വെബ് സൈറ്റിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് ജനുവരി മാസം കൈമാറുകയുണ്ടായി. തുടർന്ന് അച്ചടിയുടെ പുരോഗതി നിരന്തരം ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിതലത്തിൽ വിലയിരുത്തുന്നുണ്ടായിരുന്നു. പുസ്തക വിതരണം ജൂലൈയിൽ പൂർത്തിയാക്കാൻ കഴിയും. ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും C-apt-നെയാണ് ഏല്പിച്ചിരിക്കുന്നത്.

(ബി) കെ.ബി.പി.എസ്.-ലും സർക്കാർ പ്രസ്സുകളിലുമായാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്. കെ.ബി.പി.എസ്.-ൽ 1,76,64,079 ഇതുവരെ അച്ചടിച്ചു. ഗവൺമെന്റ് പ്രസ്സിൽ 12 ലക്ഷം പുസ്തകങ്ങളാണ് അച്ചടിച്ചത്. ശേഷിക്കുന്ന പുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ചുവരികയാണ്. പാഠപുസ്തക വിതരണം, അച്ചടിയുടെ വിഷയംതിരിച്ചരേഖ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം-എ)* ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും C-apt നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആകെ 2470987 പുസ്തകമാണ് അച്ചടിക്കേണ്ടത്. പ്ലസ് ടു Accountancy Part I & II, Themes in Kerala History എന്നിവയുടെ 73170 പുസ്തകങ്ങളൊഴികെ ബാക്കിയുള്ളവയുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. ക്ലാസ്സ്/വിഷയം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം - ബി)*

(സി) സർക്കാർ പ്രസ്സുകൾക്ക് അച്ചടിക്ക് ആവശ്യമായ പ്രിന്റിംഗ് മെറ്റീരിയൽ കെ.ബി.പി.എസ്. ആണ് കൈമാറി നൽകിയിട്ടുള്ളത്. 12 ലക്ഷത്തോളം പുസ്തകങ്ങൾ സർക്കാർ പ്രസുകളിൽ ഇപ്രകാരം അച്ചടിക്കുകയുണ്ടായി. മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ പ്രസ്സുകളിലാണ് അച്ചടിക്കാവശ്യമായ മെറ്റീരിയൽ കെ.ബി.പി.എസ്. കൈമാറി നൽകിയിട്ടുള്ളത്. ശേഷിക്കുന്ന പുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്. തന്നെ നടത്തിവരുന്നു.

(ഡി) പാഠപുസ്തക അച്ചടി പൂർണ്ണമായും നിർവ്വഹിക്കുന്നതിന് കെ.ബി.പി.എസ്.-നെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പാഠപുസ്തക വിതരണത്തിന്റെ ചുമതലയും കഴിഞ്ഞ അഞ്ചുവർഷങ്ങളായി കെ.ബി.പി.എസ്.-നെയാണ് സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. വിതരണം കെ.ബി.പി.എസ്. തപാൽ വകുപ്പുമുഖേന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിക്കുന്നു. തപാൽ വകുപ്പും കെ.ബി.പി.എസ്.-മായാണ് അതിനായുള്ള MoU ഒപ്പുവയ്ക്കുന്നത്. അച്ചടിയുടെയും വിതരണത്തിന്റെയും മേൽനോട്ടം വഹിക്കുന്നതിന് കോ-ഓർഡിനേറ്ററായി ശ്രീ. ജി. ചന്ദ്രശേഖരൻ ഉണ്ണിത്താനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. ഹയർ സെക്കണ്ടറി പാഠപുസ്തക അച്ചടിയിൽ വീഴ്ച വന്നിട്ടില്ല.

(ഇ) പാഠപുസ്തക അച്ചടി പൂർത്തിയാക്കിയതിനുശേഷമാണ് അച്ചടിയുടെ ചാർജ്ജ് കെ.ബി.പി.എസ്.-ന് നൽകുന്നത്. ഏകദേശം 6 കോടി രൂപയാണ് ഓരോ വർഷവും കെ.ബി.പി.എസ്.-ന് അച്ചടിയിനത്തിൽ നൽകിവരുന്നത്. ആയതിനാൽ ഈ വർഷത്തേയ്ക്കുള്ള അച്ചടിക്കുള്ള തുക നൽകേണ്ടത് 2016 മാർച്ച് മാസത്തിന് മുൻപാണ്. ഹയർസെക്കണ്ടറി പാഠപുസ്തക അച്ചടിക്ക് സർക്കാർ തുക അനുവദിച്ചുനൽകുന്നതിനുവിലെ. പകരം പുസ്തകം അച്ചടിച്ച് വില്പന നടത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

(എഫ്) 2015-16 വർഷം ജൂലൈ 20-ന് മുമ്പ് പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ കഴിയും. ഹയർസെക്കണ്ടറി പ്ലസ് ടു പാഠപുസ്തകങ്ങൾ 95% വും വിതരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ പുസ്തകങ്ങൾ ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് വിതരണം പൂർത്തിയാകും.

വിദ്യാഭ്യാസരംഗത്തെ മിഷൻ 676 പ്രകാരമുള്ള കർമ്മ പദ്ധതികൾ

106 (1135) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly